# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*


---

No.116/PR/PIC/PHQ/18                                                          Date : 04.05.2018

## പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കണം- സംസ്ഥാന പോലീസ് മേധാവി

പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾക്കായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായ പരിശോധനകൾക്കുശേഷം സമയബന്ധിതമായി തീർപ്പാക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി. ചില ജില്ലകളിൽ പ്രൈവറ്റ് സെക്ക്യൂരിറ്റി സേവനദാതാക്കൾ ഉൾപ്പെടെ പി.സി.സിക്കായി നൽകുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് അനാവശ്യമായ കാലതാമസം നേരിടുന്നുണ്ടെന്ന പരാതികളെത്തുടർന്നാണ് ഇത്തരം ഒരു നിർദ്ദേശം. പ്രൈവറ്റ് സെക്യൂരിറ്റി സേവനദാതാക്കൾ ഉൾപ്പെടെ പല വിഭാഗക്കാർക്കും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമായതിനാൽ ഇക്കാര്യത്തിൽ അനാവശ്യമായ കാലതാമസം വരുത്താതെ അപേക്ഷകൾ തീർപ്പാക്കണമെന്ന് ജില്ലാ പോലീസ് മേധാവിമാർക്ക് നല്കിയ നിർദ്ദേശത്തിൽ പറയുന്നു.

*********